**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

05.12.2018 ൽ
മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : **2070**

## കുറ്റകൃത്യങ്ങൾ ചെറുക്കുന്നതിന് നിരീക്ഷണ ക്യാമറകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി. | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത് നിരീക്ഷണ ക്യാമറകൾ വിന്യസിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | എ) പ്രധാന സിറ്റികൾ, തലസ്ഥാന നഗരം, ജില്ലാ ആസ്ഥാനങ്ങൾ, മന്ത്രിമാർ, വി.ഐ.പി കൾ എന്നിവരുടെ ഓഫീസ്/ വാസസ്ഥലങ്ങൾ, കേന്ദ്ര സംസ്ഥാന സർക്കാർ ഓഫീസുകൾ, തന്ത്ര പ്രധാനമായ കേന്ദ്രങ്ങൾ. കൂടാതെ ജനസാന്ദ്രതയും വാഹനപ്പെരുപ്പവും അനുഭവപ്പെടുന്ന നഗരങ്ങളിൽ ട്രാഫിക് നിയന്ത്രണ നിരീക്ഷണങ്ങൾ എന്നിവയുടെ പ്രാധാന്യം മാനദണ്ഡമാക്കിയാണ് നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിരിക്കുന്നത്. |
| ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതിയതായി എത്ര നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു; ഇതിനായി എത്ര തുക ചെലവായി വിശദാംശം വെളിപ്പെടുത്തുമോ; | ബി) 72 നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു. 5,06,29,998/- രൂപ (അഞ്ചു കോടി ആറ് ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) ചെലവായിട്ടുണ്ട്. ഇത് കൂടാതെ ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികൾ വ്യാപാരി വ്യവസായി ഏകോപനസമിതി പോലുള്ള സംഘടനകൾ മുഖേന നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു വരുന്നു. |
| സി) കുറ്റകൃത്യങ്ങൾ ചെറുക്കുന്നതിന് നീരീക്ഷണ ക്യാമറകളെ എങ്ങനെയാണ് പ്രയോജനപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ? | സി) കുറ്റകൃത്യങ്ങൾ നടക്കുന്ന സ്ഥലത്തെ നിരീക്ഷണ ക്യാമറകൾ റെക്കോർഡ് ചെയ്യുന്നത് പരിശോധിച്ച് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ കണ്ടെത്തുന്നതിനും, തുടർനടപടികൾ സ്വീകരിക്കുന്നതിനും ഇത് |

കുറ്റകൃത്യങ്ങൾ കുറയുന്നതിനും കാരണ മാകുന്നുണ്ട്. കൂടാതെ ഹൈവേകളിലും മറ്റും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നത് മൂലം നിയമലംഘനം നടത്തുന്ന വാഹനങ്ങളെ കണ്ടെത്തുന്നതിനും ഇത് മൂലം വാഹന അപകടം കുറയ്ക്കുന്നതിനും സഹായകരമാണ്.

സെക്ഷൻ ഓഫീസർ